**Desabhimani**

**17 July 2018**

**Koothattukulam, Tirumaradi, Flood**

# തിരുമാറാടിയിൽ വീടുകൾ വെള്ളത്തിൽ

**കൂത്താട്ടുകുളം**

ശനിയാഴ്ച രാത്രിമുതൽ പെയ്യുന്ന മഴയിൽ വീടുകൾ വെള്ളത്തിലായി. തിരുമാറാടി പഞ്ചായത്തിൽ രണ്ടിടങ്ങളിൽ ദുരിതാശ്വാസ ക്യാമ്പ് തുറന്നു. 12ാം വാർഡിൽ വാരപ്പെട്ടിക്കോളനിയിലെ അഞ്ച് കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചു എൻഎസ്എസ് കരയോഗമന്ദിരം ഹാളിലേക്ക് മാറ്റിപാർപ്പിച്ചു. കാക്കൂർ വെള്ളേലി ചെക്ഡാമിനു സമീപം വെള്ളം കയറി അഞ്ച് വീടുകൾ വെള്ളത്തിലായി. ഇവരെ തൊട്ടടുത്ത ചെക്ഡാം ഫാം ഹൗസിലേക്ക് മാറ്റിപ്പാർപ്പിച്ചു. ഇവരുടെ ഗൃഹോപകരണങ്ങളടക്കം എല്ലാം വെള്ളത്തിലായി. ദുരിതബാധിതർക്ക് സൗജന്യറേഷനും മറ്റ് അടിയന്തര സഹായങ്ങളും അനുവദിക്കണമെന്ന് ഷാജു ജേക്കബ് ആവശ്യപ്പെട്ടു.

പൊൻകുന്നത്തുനിന്ന് എറണാകുളത്തേക്കു പോയ പിറവം ഡിപ്പോയിലെ കെഎസ്ആർടിസി ബസ് ഒലിയപ്പുറത്തുനിന്ന് പുന്നംകോടുവഴി തിരിഞ്ഞ് പിറവത്തേക്ക് പോകാൻ ശ്രമിക്കവേ റോഡിൽനിന്നും തെന്നി ഒരുവശത്തേക്ക് ചരിഞ്ഞു. 90 ഓളം യാത്രക്കാർ ഈ ബസിൽ ഉണ്ടായിരുന്നു. യാത്രക്കാരെ സുരക്ഷിതമായി ഇറക്കിയശേഷം ക്രെയിൻ ഉപയോഗിച്ച് ബസ് ഉയർത്തി.

കൂത്താട്ടുകുളം ടൗണിൽ വെള്ളക്കെട്ടായി. സെൻട്രൽ കവലയിലെ ഡയാന മാർട്ട് വ്യാപാര സ്ഥാപനം പകുതിയോളം വെള്ളംകയറി. ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം കണക്കാക്കുന്നു. ഹൈസ്കൂളിനുസമീപമുള്ള വ്യാപാര സ്ഥാപനങ്ങളിലും വെള്ളം കയറി. കിഴകൊമ്പ് ഭഗവതിക്ഷേത്രം, ശ്രീധരീയം ഭാഗം, ഇടയാർ പ്രദേശങ്ങൾ വെള്ളത്തിലായി.